(Pages : 4) **R – 7271**

Reg. No. : ............................

Name : .................................

**Third Semester B.A. Degree Examination, July 2023**

**First Degree Programme under CBCSS**

**Double Main Programme**

**English and Malayalam Literature**

**Core Course 5**

**EML 1341 : മലയാളനാടകസാഹിത്യം**

**(2020 Admission Onwards)**

Time : 3 Hours Max. Marks : 80

I. **ഒരു** വാക്കിലോ **ഒറ്റ** വാചകത്തിലോ ഉത്തരമെഴുതുക.

1. മലയാളത്തിലെ ആദ്യ സാമൂഹികനാടകം ഏതാണ്?

2. കൈരളിയുടെ കഥ എഴുതിയതാര്?

3. ആരുടെ ജീവിതത്തെ ആധാരമാക്കിയാണ് 'ഓരോരോ കാലത്തിലും' എന്ന നാടകം രചിച്ചിരിക്കുന്നത്?

4. ജി. ശങ്കരപ്പിള്ള എഴുതിയ നാടകചരിത്രഗ്രന്ഥത്തിന്റെ പേരെന്ത്?

5. ദുര്യോധനനെ കേന്ദ്രകഥാപാത്രമാക്കി ഭാസൻ രചിച്ച നാടകം ഏത്?

6. 1988-ലെ കേരളസാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ച നാടകഗ്രന്ഥത്തിന്റെ പേരെഴുതുക.

7. “ഒരു വിഗ്രഹം തകർത്തിട്ട് മറ്റൊന്നവർ സ്ഥാപിക്കും. അത്രയേയുള്ളൂ. എനിക്ക് ഒന്നും നഷ്ടപ്പെടുന്നില്ല”- ഏതു നാടകത്തിലേതാണ് ഈ വരികൾ?

8. ലേബർ റൂം എന്ന നാടകം രചിച്ചതാര്?

9. സി.എൻ. ശ്രീകണ്ഠൻ നായർ രാമായണകഥയെ അടിസ്ഥാനമാക്കി എഴുതിയ നാടകത്രയത്തിന്റെ പേരെഴുതുക.

10. “രാക്ഷസമട്ടിലും കവിഞ്ഞതാണ് നിന്റെ സംസാരം” - വക്താവാര്? ആരെക്കുറിച്ചാണ് ഇങ്ങനെ പറയുന്നത്?

**(10 × 1 = 10 Marks)**

II. **ഒരു** ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും **എട്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

11. “സ്വബോധം നശിച്ചവരോട് ക്ഷമായാചനം നടത്തുന്നതുകൊണ്ടെന്തു പ്രയോജനം” - ആശയം വ്യക്തമാക്കുക.

12. ‘ഗുരുസുതരും സതി പത്നിയു-

മൊരുമിച്ച് ഭവാനെ വിട്ടയച്ചേക്കാം’ - ആരുടെ വാക്കുകൾ? എപ്പോഴാണിങ്ങനെ പറയുന്നത്?

13. കുറിപ്പെഴുതുക - പ്രഹസനങ്ങൾ.

14. ശാന്തിക്കാരനെക്കുറിച്ചുള്ള ദൈവത്തിന്റെ നിരീക്ഷണം എഴുതുക.

15. ആന്റൺ ചെക്കോവ് എന്ന എഴുത്തുകാരനെ പരിചയപ്പെടുത്തുക.

16. “പ്രായമായവർ വായിച്ചിട്ടുണ്ടാവും. ചെറുപ്പത്തിൽ അന്ന് അധികമൊന്നും വായിക്കാനുണ്ടായിരുന്നില്ലല്ലോ. ചെറുപ്പക്കാരുടെ കാര്യം സംശയമാണ്” - ആരുടെ വാക്കുകൾ? വ്യക്തമാക്കുക.

17. “അമ്മയത്രേ മനുഷ്യർക്കു

ദൈവധാതിക ദൈവതം’’ - ആര്, ഏതു സന്ദർഭത്തിലാണ് ഇങ്ങനെ പറയുന്നത്?

18. ‘‘വിജയം സന്നിഗ്ദ്ധമാകുമ്പോൾ, സന്ധിയാണു സ്വീകാര്യം’’ - വിശദീകരിക്കുക.

19. സുപാർശ്വൻ എന്ന കഥാപാത്രത്തിന്റെ സ്വാഭാവനിരൂപണം നടത്തുക.

20. "എന്റെ വാക്കുകൾ മുരടിച്ചുപോയി. ചുണ്ടുകൾ നെടുവീർപ്പുതട്ടി ഉണങ്ങിപ്പോയി"- സന്ദർഭവും ആശയവും വിശദമാക്കുക.

21. ഡോക്ടർ ചടങ്ങൻ ഒരു ജന്റിൽമാനാണെന്ന് വക്കീൽ പറയാനുള്ള കാരണം എന്ത്?

22. "വല്യവല്യേ ഇല്ലങ്ങളിലെ പെൺകിടാങ്ങൾക്ക് ഇതൊക്കെ ഒരലങ്കാരാ, എന്നെപ്പോലെ ഭാരാവില്യാ" - വ്യക്തമാക്കുക.

23. മറിയാമ്മയ്ക്ക് ദീനം വരാനുള്ള കാരണമായി മാത്തൻ പറയുന്നത് ഏതാണ്?

24. കുറിപ്പെഴുതുക - വെള്ളരിനാടകങ്ങൾ.

25. ലങ്കാലക്ഷ്മി ഹനുമാനെ അനുഗ്രഹിക്കുന്നതെങ്ങനെ?

26. സ്റ്റീഫൻ എന്ന കഥാപാത്രത്തിന് മറിയാമ്മ നാടകത്തിലെ സ്ഥാനം വിവരിക്കുക.

**(8 × 2 = 16 Marks)**

III. **ഒരു** പുറത്തിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

27. മലയാളത്തിലെ ആദ്യകാല നാടകകവിവിവർത്തനങ്ങളെക്കുറിച്ച് വിവരിക്കുക.

28. ഏകാങ്കനാടകങ്ങളുടെ പ്രത്യേകതകൾ എഴുതുക.

29. സ്വേച്ഛാധിപതികൾ ഉണ്ടാകുന്നത് എങ്ങനെ എന്നാണ് ദൈവം പറയുന്നത്?

30. രാവണ-മണ്ഡോദരീ ദാമ്പത്യത്തിന്റെ ഊഷ്മളതകൂടി 'ലങ്കാലക്ഷ്മി'യിൽ സി.എൻ. അവതരിപ്പിക്കുന്നുണ്ട് - വിലയിരുത്തുക.

31. "ഒന്ന്വറിയാണ്ടല്ല പണ്ടുള്ളോര് ഓരോരുത്തർക്ക് ഓരോ ജോലീന്ന് വച്ചിട്ട്ള്ളത്" - വക്താവാര്? സന്ദർഭം വിശദീകരിക്കുക.

32. കരടി എന്ന നാടകത്തിന് ആസ്വാദനം തയ്യാറാക്കുക.

33. മറിയാമ്മ - കഥാപാത്രനിരൂപണം നടത്തുക.

34. നോവലും നാടകവും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം?

35. “എനിക്ക് മടിയൊന്നൂല്യ. പറഞ്ഞൊടങ്ങ്യാ ഞാൻ നല്ലോണം തൊറന്ന് പറയും” - പാർവ്വതി എന്ന കഥാപാത്രത്തിന്റെ ഈ വാക്കുകളും അവരുടെ പ്രവൃത്തിയും എത്രത്തോളം യോജിക്കുന്നുണ്ടെന്ന് ‘തൊഴിൽ കേന്ദ്രത്തിലേക്ക്’ എന്ന നാടകത്തെ ആസ്പദമാക്കി വിലയിരുത്തുക.

36. താത്രിയേയും ആധുനികപെൺകുട്ടിയേയും താരതമ്യം ചെയ്യുക.

37. തനതു നാടകവേദിയെക്കുറിച്ച് വിവരിക്കുക.

38. താനും മധ്യമനാണെന്ന് ഭീമൻ സമർത്ഥിക്കുന്നതെങ്ങനെ?

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

39. സമകാലിക സ്ത്രീ അവസ്ഥകളോട് ബന്ധപ്പെടുത്തി ‘ഓരോരോ കാലത്തിലും’ എന്ന നാടകത്തിന് നിരൂപണം തയ്യാറാക്കുക.

40. “സ്ത്രീജിതനല്ല, ശ്രീജിതനാണ് രാവണൻ” - ഈ പ്രസ്താവനയുടെ സാംഗത്യം ‘ലങ്കാലക്ഷ്മി’യെ മുൻനിർത്തി ചർച്ച ചെയ്യുക.

41. സ്ത്രീകളുടെ വ്യക്തിത്വം സ്ഥാപിക്കാനുള്ള നാടകപ്രവർത്തനങ്ങളുടെ തുടക്കമായി ‘തൊഴിൽ കേന്ദ്രത്തിലേക്ക്’ എന്ന നാടകത്തെ കണക്കാക്കാമോ? പരിശോധിക്കുക.

42. ഭഗ്നഭവനത്തിലെ കഥാപാത്രങ്ങളുടെ സ്വഭാവനിരൂപണം നടത്തുക.

43. “രംഗപാരമ്പര്യത്തിന്റെയും അനുഷ്ഠാനത്തിന്റെയും സത്തയെ നവീന മനുഷ്യാവസ്ഥയുമായി ബന്ധിപ്പിക്കാൻ കഴിഞ്ഞതാണ് ‘പുലിജന്മ’ത്തിന്റെ ഏറ്റവും പ്രധാന സവിശേഷത” - ഉപന്യസിക്കുക.

44. മലയാളനാടകസാഹിത്യത്തിന്റെ ഉത്ഭവവും വളർച്ചയും വിവരിക്കുക.

**(2 × 15 = 30 Marks)**